DESPATCHED
On 21.12.21...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 719*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6965**/*എസ്.ഐ.സി-ജി 6/19*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.കെ.പി. പൗലോസ്,<br>കുന്നത്ത്, വാഴപ്പിള്ളി,<br>മുടവൂർ പി.ഒ.,<br>മൂവാറ്റുപുഴ. | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>ഹെൽത്ത് സൂപ്പർവൈസർ,<br>മൂവാറ്റുപുഴ നഗരസഭ. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.05.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.06.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.04. 2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കെ.പി.പൗലോസ്, 20.04.2019ന് സമർപ്പിച്ച പരാതി ഹർജി 26.04.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.719(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3) പരാതി ഹർജിക്കാരൻ 25.05.2018ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കോടതിയിൽ നിന്നും എച്ച്.ആർ.എം.പി. നമ്പറിലുള്ള കേസ് തീർപ്പാക്കി 2017 ഡിസംബർ 8ന് മത്സ്യ മാർക്കറ്റിനെ സംബന്ധിച്ച് ഇറക്കിയ ഉത്തരവിൽ നഗരസഭാ സെക്രട്ടറി നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്നും അതിനാൽ,

1. പ്രസ്തുത ഉത്തരവ് ലഭിച്ചിട്ടുണ്ടോയെന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തീയതി,

2. ആധുനിക രീതിയിൽ സൗകര്യപ്രദമായി നിർമ്മിച്ച ഫിഷ് മാർക്കറ്റ് നഗരസഭാ തീരുമാനം അനുസരിച്ച് പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം നടപ്പാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ടെന്നും

3. മൊത്ത വ്യാപാരം നടത്തുന്ന എം.സി.റോഡിന്റെ സൈഡിലെ മത്സ്യമാർക്കറ്റ് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടിയുടെ രേഖകൾ നൽകണമെന്നും

4. എം.സി.റോഡിന്റെ സമീപത്തെ പരിസരവാസികളുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നുള്ള നിർദ്ദേശം നടപ്പാക്കാൻ നടപടി സ്വീകരിച്ചോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നുമാണ്.

ആയതിന് 23.06.2018ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1. മേൽപ്പടി ഉത്തരവ് ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച തീയതി 15.02.2018 ആണെന്നും
2. ആധുനിക ഫിഷ്മാർക്കറ്റിൽ ഗ്രൗണ്ട് ഫ്ളോറിൽ 22 സ്റ്റാളുകളും ഫസ്റ്റ് ഫ്ളോറിൽ 11 മുറികളും ഉണ്ടെന്നും ആയതിൽ 12 സ്റ്റാളുകൾ 23.04.2018ന് ലേലത്തിൽപ്പോയിട്ടുള്ളതാണെന്നും ലേലത്തിൽ പോകാത്ത 10 സ്റ്റാളുകളും 11 മുറികളും 18.05.2018ൽ പുനർലേലം നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ലെന്നും ലേലത്തിൽപ്പോയ 12 സ്റ്റാളുകളിലേയ്ക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് കുത്തകക്കാർക്ക് 08.06.2018ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും
3. ടി ഇനം സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ നൽകുന്നതാണെന്നും
4. പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചു വരുന്നുവെന്നുമാണ്.

4) എതിർകക്ഷി 10.12.2019ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കമ്മീഷൻ 19.06.2019ൽ റിപ്പോർട്ടാവശ്യപ്പെട്ട പ്രകാരം ടി ഓഫീസിൽ നിന്നും 01.07.2019ന് റിപ്പോർട്ട് അയച്ചു നൽകിയിട്ടുണ്ടെന്നാണ്. ടി റിപ്പോർട്ടിൽ പ്രസ്താ

വിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ 4-ാം നമ്പർ ചോദ്യത്തിന് കെ.എസ്.ടി.പി.യിൽ നിന്നും പണം ലഭ്യമാക്കിയിട്ടില്ല എന്നും നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ആയതു പ്രകാരം ഫിഷ് മാർക്കറ്റിലേയ്ക്കുള്ള റോഡ് നവീകരിക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷ പദ്ധതിയിൽ പ്രോജക്ട് നിർദ്ദേശം വച്ചിട്ടുള്ളതും ആവശ്യമായ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണെന്ന വിവരമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

5) 17.11.2021 തീയതി കമ്മീഷൻ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് രണ്ടു പ്രാവശ്യം മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ ടിയാന്റെ അപേക്ഷയിലെ 2, 4 എന്നിവ വിവിധ കാരണങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ചോദ്യങ്ങളാകയാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ എതിർകക്ഷിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 25-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)